പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1878 06.07.2015 ലെ മറുപടിക്ക്

## ക്രമസമാധാന പരിപാലനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>" ജോസഫ് വാഴയ്ക്കൻ<br>" സി.പി. മുഹമ്മദ്<br>" ആർ. സെൽവരാജ് | **രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
| എ) ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും പ്രത്യേകമാക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | എ) ക്രമസമാധാന പാലനം കൂടുതൽ മികവുറ്റതാക്കി മാറ്റാൻ, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 27.12.2006-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 3069/2006/ ആഭ്യന്തരം പ്രകാരം ക്രമസമാധാന പോലീസ് വിഭാഗത്തിൽ നിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. വേഗത്തിലും മികച്ച രീതിയിലുമുള്ള കുറ്റാന്വേഷണം ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായിട്ടാണ് ക്രമസമാധാന പരിപാലനച്ചുമതലയും കുറ്റാന്വേഷണച്ചുമതലയും വേർതിരിച്ച് കൊണ്ട് ഉത്തരവായത്. ക്രമസമാധാന പരിപാലന ചുമതലയും കുറ്റാന്വേഷണ ചുമതലയും വേർതിരിച്ച് ഇതിനകം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ |

| | |
|---|---|
| | നടപ്പിലാക്കിയിട്ടുണ്ട്. |
| **ബി)** ഇതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നതെന്നും ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികളെന്തെന്നും വിശദമാക്കുമോ ? | **ബി)** കേന്ദ്ര സഹായം ലഭിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ